**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2323** **30-07-2021 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി തുറമുഖത്തെ അപകടമരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുതലപ്പൊഴി തുറമുഖത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര തൊഴിലാളികൾ മരണപ്പെട്ടു; | (എ) | മുതലപ്പൊഴി തുറമുഖത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 26 മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദുരന്തത്തിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. മൺസൂൺ കാലയളവിൽ ശക്തമായ കാറ്റിലും തിരയിളക്കത്തിലും മണ്ണ് അടിയുന്നതു മൂലം മത്സ്യബന്ധന യാനങ്ങൾക്ക് അപകടങ്ങൾ സംഭവിക്കുന്നതായി പരാതികൾ ഉയർന്നതിനെ തുടർന്ന് മെസ്സേഴ്സ് അദാനി പോർട്ട്സ് ഉണ്ടാക്കിയ ധാരണാ പത്ര പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പ്രവേശന കവാടം, അപ്രോച്ച് ചാനൽ, എന്നിവിടങ്ങളിൽ അഞ്ച് മീറ്ററും, ഹാർബർ ബേസിനിൽ മൂന്ന് മീറ്ററും ആഴം വരത്തക്ക വിധത്തിൽ മെസ്സേഴ്സ് അദാനി പോർട്ട്സ് മുഖേന ഡ്രഡ്ജിംഗ് നടത്തി ബോട്ടുകളുടെ സഞ്ചാരം സുഗമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞു കൂടുന്ന മണ്ണ് തീരശോഷണം നടക്കുന്ന വടക്ക ഭാഗത്ത് സാൻഡ് ബൈപ്പാസിങ്ങ് നടത്തി നിക്ഷേപിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ